# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3237 13.03.2017-ലെ മറുപടിയ്ക്ക്

**വകുപ്പുകളുടെ സംയോജനം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ. എൻ. ഷംസീർ | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും<br>വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| പഞ്ചായത്ത്, നഗരകാര്യം, ഗ്രാമ വികസനം എന്നീ വകുപ്പുകൾ സംയോജിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ? | ശ്രീ.എസ്.ബി.സെൻ ചെയർമാനായ അധികാരവികേന്ദ്രീകരണ കമ്മിറ്റിയും ഡോ.എം.എ.ഉമ്മൻ ചെയർമാനായ പ്രാദേശിക ആസൂത്രണവും വികസനവും സംബന്ധിച്ച അവലോകന കമ്മിറ്റിയും ശ്രീ.കുട്ടി അഹമ്മദ് കുട്ടി ചെയർമാനായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സ്ഥായിയാക്കുന്നതിനുള്ള കമ്മിറ്റിയും ജില്ലാ ആസൂത്രണ സമിതികളെ ശക്തി പ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ശ്രീ.മണി ശങ്കർ അയ്യർ ചെയർമാനായ സമഗ്ര പഞ്ചായത്ത് രാജ് വ്യവസ്ഥയിലേക്കുള്ള റിപ്പോർട്ടിന്റെ രണ്ടാം ഭാഗത്തിൽ കേന്ദ്രത്തിലും സംസ്ഥാനത്തിലും പ്രാദേശിക ഭരണ സ്ഥാപനങ്ങൾക്ക് ഒരു മന്ത്രിയും ഭരണ സംവിധാനവും ശിപാർശ ചെയ്തിട്ടുണ്ട്. ഒരു ലോക്കൽ ഗവണ്മെന്റ് സർവ്വീസ് കമ്മീഷനും പ്രസ്തുത റിപ്പോർട്ടിൽ വിഭാവനം ചെയ്തിട്ടുണ്ട്. ജില്ലാ പദ്ധതി തയ്യാറാക്കുന്നതിന് ഏകോപിതമായ ഒരു ജില്ലാ സംവിധാനം വേണമെന്ന് രണ്ടാം ഭരണ പരിഷ്കാര കമ്മിറ്റി റിപ്പോർട്ടിൽ ശ്രീ.വീരപ്പ മൊയ്‌ലി അദ്ധ്യക്ഷനായ സമിതിയിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഈ പഠന റിപ്പോർട്ടുകൾ എല്ലാം കണക്കി ലെടുത്താണ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള വിവിധ വകുപ്പുകളുടെ ഏകീകരണത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നത്.<br>തദ്ദേശ ഭരണ പൊതു സർവ്വീസ് രൂപീകരിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത്, നഗരകാര്യം, ഗ്രാമവികസനം, തദ്ദേശസ്വയംഭരണ |

എഞ്ചിനീയറിംഗ് വിഭാഗം, ടൗൺ & കൺട്രി പ്ലാനിംഗ് എന്നീ വകുപ്പുകളുടെ സംയോജനവുമായി ബന്ധപ്പെട്ട് വിശദമായ വിവര ശേഖരണവും, അവലോകനവും, കൂടിയാലോചനാ യോഗങ്ങളും, ഫീൽഡ് പഠനങ്ങളും ലോക്കൽ ഗവണ്മെന്റ് കമ്മീഷൻ നടത്തിവരുന്നുണ്ട്. ഇത്തരം പഠനങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും വകുപ്പുകളുടെ സംയോജനം സംബന്ധിച്ച് ചട്ടങ്ങളുടെ കരട് തയ്യാറാക്കുന്നത്.

Beena

സെക്ഷൻ ഓഫീസർ